DESPATCHED
On 27/12/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം


പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920

Email:-sic.ker@nic.in


**ഹർജി നമ്പർCP.No.958(5)/19/SIC**

**തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.17056 /SIC-G7/2019**

സന്നിഹിത

**ശ്രീമതിശ്രീലത പി. ആർ., സംസ്ഥാനവിവരാവകാശ കമ്മീഷണർ**

**ശ്രീ. പി. ശശിധരൻ,**
**കളപ്പുരയ്ക്കൽ,**
**ചുട്ടിപ്പാറ,**
**പത്തനംതിട്ട.** } **പരാതിക്കാരി**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &**
**അഡീഷണൽ പോലീസ് സൂപ്രണ്ട്,**
**ജില്ലാ പോലീസ് ഓഫീസ്, കൊല്ലം റൂറൽ** } **എതിർകക്ഷി**

## ഉത്തരവ്

1. പരാതിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് 23.08.2019 ലെ വിവരാവകാശ അപേക്ഷയിലൂടെ ആവശ്യപ്പെട്ടത്, പത്തനാപുരം പോലീസ് സ്റ്റേഷനിലെ എസ്. ഐ. ശ്രീ. പുഷ്പകുമാർ ആദ്യമായി ജോലിയിൽ പ്രവേശിച്ച ദിവസവും ആ കാലയളവിലെ തസ്തിക, സർവ്വീസ് ബുക്കിലെ ഒന്നാമത്തെ പേജിലെ പേരും വിലാസവും ജനന തീയതിയും നിലവിലെ വിലാസവും ജാതിയും, ജോയിനിംഗ് റിപ്പോർട്ടിന്റെ പകർപ്പ് എന്നിങ്ങനെയുള്ള ഏതാനും വിവരങ്ങളാണ്.
2. ടി അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ തൃപ്തികരമായ മറുപടി നൽകാത്തതിനെ തുടർന്ന് ക്മമീഷൻ മുമ്പാകെ 22.10.2019 തീയതി പരാതി സമർപ്പിക്കുകയുണ്ടായി. പ്രസ്തുത പരാതിയിൽ അറിയിക്കുന്നത്, ടി അപേക്ഷയിലെ 5-ാമത്തെ ചോദ്യത്തിനു മാത്രമെ വിവരം നൽകിയുള്ളു എന്നും എതിർകക്ഷിയുടെ കീഴിൽ ജോലി ചെയ്തു വരുന്ന ഒരു ജീവനക്കാരന്റെ വിവരങ്ങളാണ് ആവശ്യപ്പെട്ടതെന്നും ആയതിന് തെറ്റായ മറുപടിയാണ് ലഭിച്ചതെന്നും ടി നിയമം വകുപ്പ് 6(3) പ്രകാരം അപേക്ഷ കൈമാറാൻ എതിർകക്ഷി

തയ്യാറായിട്ടില്ല എന്നും അപ്പീൽ അധികാരിയുടെ മേൽവിലാസമോ അപ്പീൽ കാലാവധിയോ അറിയിച്ചിട്ടില്ല എന്നുമാണ്.

3. പരാതി ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും ടെലഫോൺ മുഖാന്തിരം കേൾക്കാൻ നോട്ടീസ് നൽകുകയും 30.07.2021 ൽ കേൾക്കുകയും ഉണ്ടായി. പ്രസ്തുത തീയതിയിൽ എതിർകക്ഷിയും പരാതിക്കാരനും ഹാജരായിരുന്നു.

4. കൊല്ലം ജില്ലാ പോലീസ് ഓഫീസിലെ എസ്.പി.ഐ.ഒ ശ്രീ. പുഷ്പകുമാർ. ജി എന്ന പോലീസ് ഇൻസ്പെക്ടർ ടി ജില്ലയിൽ അല്ല നിലവിൽ ജോലി ചെയ്യുന്നതെന്നും 18.06.2021 തീയതി മുതൽ വയനാട് ജില്ലയിൽ ആണ് ജോലിചെയ്തു വരുന്നതെന്നും ടിയാന്റെ സേവന പുസ്തകം കൊല്ലം ജില്ലാ പോലീസ് ഓഫീസിൽ ഇല്ല എന്നും ആയത് വയനാട് ജില്ലയിൽ ആണെന്നും സേവന പുസ്തകം ഇല്ലാത്തതിനാൽ മറുപടി നൽകുവാൻ സാധിക്കുകയില്ല എന്നും ആയതിനാൽ മറ്റു വിവരങ്ങൾ വയനാട് ജില്ലാ പോലീസ് ഓഫീസിൽ നിന്നാണ് ലഭിക്കുന്നതെന്നും എസ്.പി.ഐ.ഒ റിപ്പോർട്ടിലൂടെ അറിയിക്കുകയുണ്ടായി.

5. അപ്പീൽഹർജിയും എസ്.പി.ഐ.ഒയുടെ മൊഴിയും മറ്റ് അനുബന്ധരേഖകളും പരിശോധിക്കുമ്പോൾ, പരാതിക്കാരൻ വിവരാവകാശ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് വിവരം നൽകാൻ കഴിയാത്ത സാഹചര്യം ആയിരുന്നു എന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടു. അപേക്ഷകർ ആവശ്യപ്പെട്ടിരിക്കുന്ന വിവരം മറ്റേതെങ്കിലും പൊതു അധികാരിയുടെയോ വകുപ്പിന്റെയോ കൈവശമുള്ളതാണെങ്കിൽ പ്രസ്തുത അപേക്ഷ 5 ദിവസത്തിനുള്ളിൽ ടി നിയമം 6(3) പ്രകാരം കൈമാറേണ്ടതും വിവരം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. എന്നാൽ അത്തരത്തിൽ ഒരു നടപടി എതിർകക്ഷിയുടെ ഭാഗത്തു നിന്നുമുണ്ടായിട്ടില്ല. മാത്രവുമല്ല 03.10.2019 ൽ സർവ്വീസ് ബുക്ക് തിരികെ കൊല്ലം റൂറൽ ഓഫീസിൽ ~~തിരികെ~~ വന്നിട്ടും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. 23.08.2019 ൽ സമർപ്പിച്ച അപേക്ഷയ്ക്ക് നാളിതുവരെ വിവരം ലഭ്യമായതായും കാണുന്നില്ല. തികച്ചും നിരുത്തരവാദപരമായ സമീപനമാണ് കാണുന്നത്. മേൽ പരാമർശിച്ച സംഗതികൾ വിവരാവകാശ നിയമപ്രകാരം ഗുരുതരമായ വീഴ്ചയായിരുന്നു. ഇപ്രകാരം വീഴ്ചവരുത്തിയ പരാമർശിത കാലയളവിലെ എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20 (1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത

സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

6. പരാതിക്കാരൻ ആവശ്യപ്പെട്ട വിവരം നാളിതുവരെ ലഭ്യമാകാത്ത സാഹചര്യത്തിൽ ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനുള്ളിൽ, ശ്രീ. പുഷ്പകുമാറിന്റെ സർവ്വീസ് ബുക്ക് ഏത് ഓഫീസിലാണോ അവിടെ നിന്ന് വിവരം ശേഖരിച്ച് സൗജന്യമായി പരാതിക്കാരന് അയച്ചു നൽകാൻ എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

7. **ഇപ്രകാരം ഈ പരാതിഹർജി ഇന്നേ ദിവസം 2021 നവംബർ മാസം 25 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

**(ഒപ്പ്)**
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ഫിനാൻസ് എക്സ്പേർട്ട്**